



**Lalith Babu**

# കേരള ഗസറ്റ്

കേരള സർക്കാരിന്റെ ഔദ്യോഗിക പ്രസിദ്ധീകരണമാണ് കേരള ഗസറ്റ്. എല്ലാ ചൊവ്വാഴ്ചയും കേരള ഗസറ്റ് പ്രസിദ്ധീകരിക്കുന്നു.

ഗസറ്റിനെ പല പാർട്ടുകളായി തിരിച്ചിട്ടുണ്ട്.

**പാർട്ട് 1**

ഗവൺമെന്റിൽ നിന്നുള്ള ഉത്തരവുകളും പരസ്യങ്ങളും ഗസറ്റിലെ പാർട്ട് 1 ൽ ആണ് പ്രസിദ്ധീകരിക്കുക. കൂടാതെ അസാധാരണ ഗസറ്റ് സപ്ലിമെന്റായും ചേർത്തിയിരിക്കും

**പാർട്ട് 1 എ.**

തെരഞ്ഞെടുപ്പ് സംബന്ധമായ വിജ്ഞാപനങ്ങൾ, സ്റ്റേറ്റ് വിജ്ഞാപനങ്ങൾ, എന്നിവ പാർട്ട് 1 എ യിൽ പ്രസിദ്ധീകരിക്കുന്നു.

**പാർട്ട് 1 ബി**

കേരള പി.എസ്.സി.യുടെ വിജ്ഞാപനം പാർട്ട് 1 ബിയിൽ ആണ് ഉണ്ടായിരിക്കുക. റിക്രൂട്ട്മെന്റ് സംബന്ധിച്ച വിജ്ഞാപനങ്ങൾ അസാധാരണ ഗസറ്റായി പ്രസിദ്ധീകരിക്കുന്നു.

**പാർട്ട് 11**

നിയമ നിർമ്മാണ വകുപ്പിനെ സംബന്ധിച്ചുള്ള വിജ്ഞാപനങ്ങളാണിതിൽ പ്രസിദ്ധീകരിക്കുന്നത്

**പാർട്ട് 111**

വിവിധ വകുപ്പുകളിലെ മേലുദ്യോഗസ്ഥരുടെ വിജ്ഞാപനങ്ങളാണ് ഇതിൽ ഉണ്ടായിരിക്കുന്നു. അനന്തരാവകാശ സംബന്ധിച്ച സർട്ടിഫിക്കറ്റിന്റെ വിജ്ഞാപനം ഈ പാർട്ടിലാണ് ഉണ്ടായിരിക്കുക. ലാന്റ് റവന്യൂ കമ്മീഷണർ എന്ന ശീർഷകത്തിന് താഴെയായിട്ടാണ് അനന്തരാവകാശ സർട്ടിഫിക്കറ്റ് സംബന്ധിച്ച പരസ്യങ്ങൾ നൽകുന്നത്

**പാർട്ട് IV**

. ഈ പാർട്ടിലാണ് വ്യക്തികളുടെ പേര്, ഒപ്പ് ജാതി, തുടങ്ങിയ കാര്യങ്ങൾ മാറ്റുമ്പോൾ അത് പ്രസിദ്ധീകരിക്കുന്നത് പാർട്ട് IV ലാണ് കൂടാതെ പ്രൈവറ്റ് പരസ്യങ്ങളും ഈ പാർട്ടിലാണ് പ്രസിദ്ധീകരിക്കുന്നത്.

**അസാധാരണ ഗസറ്റ്**

സർക്കാരിലെ വിവിധ ഭരണ വകുപ്പുകൾ പ്രസിദ്ധീകരണത്തിന് നൽകുന്നവയാണ് അസാധാരണ ഗസറ്റുകൾ. സ്റ്റാറ്റ്യൂട്ടുകൾ റൂളുകൾ, റഗുലേഷനുകൾ, മുതലായവ അസാധാരണ ഗസറ്റായി പ്രസിദ്ധീകരിക്കുന്നു. എല്ലാ പ്രവർത്തി ദിവസങ്ങളിലും അസാധാരണ ഗസറ്റുകൾ പ്രസിദ്ധീകരിക്കാറുണ്ട്.